
# പാഠം 9



## ഒരു പഠന വിഷയം

*സൃഷ്ടിതാവാം ദൈവത്തെ മാത്രം ആരാധിക്കുക*

## വേദവചന കഥ

*സൃഷ്ടിതാവാം ദൈവത്തെ മാത്രം ആരാധിക്കുക എന്നു പഠിപ്പിക്കുന്ന കഥ ഉപയോഗിക്കുക*

സൃഷ്ടിതാവാം ദൈവത്തെ മാത്രം ആരാധിക്കുക

**സദ്വർത്തമാന കഥാപുസ്തകം നാല്. പേജുകൾ 18-32.** *തീവളയം.*

കുട്ടികളോട് ചേര്ന്ന് ഈ കഥ അഭിനയിക്കുക. കുട്ടികളോട് 'തീവളയം' എന്ന നാടകം അഭിനയിക്കാൻ പോകുകയാണെന്ന് വിവരിക്കുക.

**അഭിനേതാക്കൾ:** കഥ പറയുന്നതും സംവിധാകനും (അദ്ധ്യാപിക). ഒരാൾ സൃഷ്ടിതാവാം ദൈവം (കുട്ടികളിൽ ഒരാൾ). മൂന്ന് ആൺകുട്ടികൾ (കുട്ടികളിൽ മൂന്ന് പേർ). രാജാവ് (കുട്ടികളിൽ ഒരാൾ). തീവളയം (ഇതു വരെ നാടകത്തിൽ ഉൾപ്പെടാത്ത കുട്ടികളെല്ലാം).


'തീവളയം' ആയിരിക്കുന്ന കുട്ടികൾ എല്ലാവരും ചേര്ന്ന് ഒരു വലിയ വട്ടം ഉണ്ടാക്കുവാനായി പറയുക. കഥ പറയുന്ന വ്യക്തി (നിങ്ങൾ) കഥ പറഞ്ഞ് തുടങ്ങുമ്പോൾ ഈ കുട്ടികൾ വട്ടത്തിൽ മെല്ലെ കറങ്ങിക്കോണ്ടിരിക്കണം. കഥയിലൊരാൾ 'തീ' എന്ന് പറയുമ്പോൾ വട്ടത്തിൽ നില്ക്കുനന്ന കുട്ടികളെല്ലാവരും തങ്ങളുടെ കരങ്ങളെ ഉയര്ത്തി 'ചൂട്, ചൂട്, ചൂട്' എന്ന് പറയണം. തുടക്കത്തിൽ കഥ പറയുന്നയാൾ, രാജാവ്, മൂന്ന് ആണ്കൂട്ടികൾ, സൃഷ്ടാവാം ദൈവത്തെപ്പോലെ അഭിനയിക്കുന്നയാൾ എല്ലാം വട്ടത്തിന് (തീവളയം) പുറത്ത് നില്ക്കണം.

*സദ്വര്ത്തമാന കഥാപുസ്തകം നാലിന്റെ* പേജുകൾ 18-32 വായിച്ച് കഥ പറഞ്ഞ് കൊടുക്കുക. നിങ്ങൾ കഥ വായിച്ച് പറഞ്ഞ് കൊണ്ടിരിക്കുമ്പോൾ അഭിനേതാക്കൾ എങ്ങനെ അഭിനയിക്കണം എന്ന് വിവരിച്ച് കൊടുക്കുക. അഭിനേതാക്കൾ വായിക്കുവാൻ അറിയുന്നവരാണെങ്കിൽ അവർ അഭിനയിക്കുന്ന ഭാഗം വായിക്കുന്നതിനായി *സദ്വര്ത്തമാന കഥാപുസ്തകം നാലിന്റെ* ഒരോ പകര്പ്പ് നല്കുക.

*ഉദാഹരണം:* പറയുന്നത് ഞാൻ കേള്ക്കുന്നു' എന്ന് വായിക്കുമ്പോൾ രാജാവായി അഭിനയിക്കുന്ന കുട്ടിയിലേക്ക് കൈ ചൂണ്ടുക. രാജാവായി അഭിനയിക്കുന്ന കുട്ടി പറയുന്നു, 'സ്വര്ണ്ണ ബിംബത്തിന് പാടിയില്ലെങ്കിൽ ഞാൻ നിങ്ങളെ തീയിൽ ഇട്ട് കളയും.'

# പാഠം 9





ഓര്‍ക്കുക, ആരെങ്കിലും ‘തീ’ എന്ന് പറഞ്ഞാല്‍ കഥ നിര്‍ത്തി  വട്ടത്തില്‍ നില്ക്കുന്ന കുട്ടികളിലേക്ക് കൈ ചൂണ്ടുക. വട്ടത്തില്‍ നില്ക്കുന്ന കുട്ടികള്‍ (തീവളയം) കൈകള്‍ ഉയര്‍ത്തി  ‘ചൂട്, ചൂട്, ചൂട്’ എന്ന് പറയണം. ഇതവര്‍ ചെയ്തതിന് ശേഷം കഥ തുടരുക.

1, 2, 3 അഭിനയം തുടങ്ങുക...

*തീവളയം* ആയിരിക്കുന്ന കുട്ടികള്‍ കൈകള്‍ പിടിച്ച് വട്ടത്തില്‍ കറങ്ങണം. കഥ വായിക്കുകയും പറയുകയും ചെയ്യുക.

## സൃഷ്ടിതാവാം ദൈവത്തെ മാത്രം ആരാധിക്കുക

നാടകം കഴിഞ്ഞതിന് ശേഷം കുട്ടികളോട് ചില ചോദ്യങ്ങള്‍ ചോദിക്കുക. ഒരു കുട്ടി തെറ്റായ ഉത്തരം പറഞ്ഞാല്‍ കൊള്ളാം, നല്ല ശ്രമം നടത്തി, എന്നാല്‍ ഞാന്‍ ഉദ്ദേശിച്ച ഉത്തരം അതല്ലായിരുന്നു എന്ന് പറഞ്ഞ് അവരെ പ്രോത്സാഹിപ്പിക്കുക. എന്നാല്‍ ഒരു കുട്ടി ശരിയായ ഉത്തരം പറഞ്ഞാല്‍ കൊള്ളാം!  നന്നായി പറഞ്ഞു എന്ന് പറയുക! കുട്ടികള്‍ ശരിയായ ഉത്തരം പറയുന്നത് വരെ ചോദ്യം ചോദിച്ച് കൊണ്ടിരിക്കുക.

കഥയെപ്പറ്റി നിങ്ങള്‍ക്ക് ചോദിക്കുവാന്‍ പറ്റിയ ചോദ്യങ്ങള്‍ താഴെ രേഖപ്പെടുത്തുന്നു.

**എന്തിനാണ് രാജാവ് മൂന്ന് ആണ്‍കുട്ടികളെ തീയിലിട്ടത്?**
ഈ മൂന്ന് ആണ്‍കുട്ടികളും സ്വര്‍ണ്ണ  ബിംബത്തെത്തിന് പാടാഞ്ഞതുകൊണ്ട്.

**ആരാണ് ഈ മൂന്ന് ആണ്‍കുട്ടികളെ തീയില്‍ സന്ദര്‍ശിച്ചത്?**
സൃഷ്ടാവാം ദൈവത്തെ പോലൊരാള്‍.

**എന്തുകൊണ്ടാണ് മൂന്ന് ആണ്‍കുട്ടികള്‍ക്ക്  തീയില്‍ യാതൊരു കേടും സംഭവിക്കാഞ്ഞത്?**
സൃഷ്ടിതാവാം ദൈവം അവരെ സംരക്ഷിച്ചു.

**സൃഷ്ടിതാവാം ദൈവത്തെക്കുറിച്ച് ഈ കഥയില്‍ നിന്ന് നമ്മള്‍ എന്താണ് പഠിച്ചത്?**
സൃഷ്ടിതാവാം ദൈവത്തെ മാത്രം പാടി സ്തുതിക്കുന്നവരെ അവന്‍ സംരക്ഷിക്കുന്നു.
സൃഷ്ടിതാവാം ദൈവം സത്യ ദൈവമാണ്.
സൃഷ്ടിതാവാം ദൈവത്തെ മാത്രം നാം ആരാധിക്കും.


## നാട്യ ഗാനം

***സൃഷ്ടിതാവാം ദൈവത്തെ മാത്രം ആരാധിക്കുക എന്നു പഠിപ്പിക്കുന്ന നാട്യ ഗാനം ഉപയോഗിക്കുക***

സ്രഷ്ടാവാം ദൈവത്തിനു പാടുവിന്‍...സ്രഷ്ടാവാം ദൈവത്തിനു പാടുവിന്‍...
സ്രഷ്ടാവാം ദൈവത്തിനു പാടുവിന്‍...എന്തെന്നാല്‍ അവന്‍...നിന്നെ സൃഷ്ടിച്ചു.

സ്രഷ്ടാവാം ദൈവത്തിനു ഞാന്‍ പാടും. സ്രഷ്ടാവാം ദൈവത്തിനു ഞാന്‍ പാടും.
സ്രഷ്ടാവാം ദൈവത്തിനു ഞാന്‍ പാടും. എന്തെന്നാല്‍ അവന്‍ എന്നെ സൃഷ്ടിച്ചു.

# പാഠം 9




## ദൃഷ്ടാന്ത പാഠം

***സൃഷ്ടിതാവാം ദൈവത്തെ മാത്രം ആരാധിക്കുക എന്നു പഠിപ്പിക്കുന്ന ദൃഷ്ടാന്ത പാഠം ഉപയോഗിക്കുക***

രണ്ട് കുട്ടികളോട് നിങ്ങളെ സഹായിക്കുവാൻ പറയുക. ഒരു കുട്ടി (ആ കുട്ടിയിലേക്ക് കൈ ചൂണ്ടുക) സൃഷ്ടിതാവാം ദൈവമായും മറ്റേ കുട്ടി (ആ കുട്ടിയിലേക്ക് കൈ ചൂണ്ടുക) മറ്റ് ദൈവങ്ങളെ ആരാധിക്കുന്ന കുട്ടിയായും അഭിനയിക്കാൻ പോകുകയാണെന്ന് വിവരിക്കുക.

മറ്റ് ദൈവങ്ങളെ ആരാധിക്കുന്ന കുട്ടിയായി അഭിനയിക്കാൻ പോകുന്ന കുട്ടിയുടെ കണ്ണ് മൂടി കെട്ടുക.

രണ്ട് സഹായികളോടും മറ്റ് കുട്ടികളുടെ മുമ്പിലേക്ക് നടക്കുവാനായി പറയുക. സൃഷ്ടിതാവാം ദൈവമായി അഭിനയിക്കുന്ന കുട്ടിയോട് മറ്റ് ദൈവങ്ങളെ ആരാധിക്കുന്ന കുട്ടിയായി അഭിനയിക്കുന്ന കുട്ടിയുടെ പിന്നാലെ നടക്കുവാൻ പറയുക.



മറ്റ് ദൈവങ്ങളെ ആരാധിക്കുന്ന കുട്ടിയായി അഭിനയിക്കുന്ന കുട്ടി ഇരുട്ടിൽ തപ്പിത്തടയുകയും സൃഷ്ടിതാവാം ദൈവത്തെ കാണുവാൻ കഴിയുന്നില്ലെന്നും വിവരിക്കുക.

ഇതുപോലെയാണ് നാമും മറ്റ് ദൈവങ്ങളെ ആരാധിക്കുമ്പോഴുള്ള സ്ഥിതി. നാം ഇരുട്ടിൽ തപ്പിത്തടയുകയാണ്.

എന്നാൽ സൃഷ്ടിതാവാം ദൈവം നമ്മിൽനിന്ന് ദൂരെയല്ല. സൃഷ്ടിതാവാം ദൈവം അവരെ രക്ഷിക്കുവാനായി ആഗ്രഹിക്കുന്നു, നമ്മെയും രക്ഷിക്കുവാനായി കാത്തിരിക്കുന്നു.

## വേദവചന മനഃപാഠ കളി

***സൃഷ്ടിതാവാം ദൈവത്തെ മാത്രം ആരാധിക്കുക എന്നു പഠിപ്പിക്കുന്ന വേദവചന മനഃപാഠം ഉപയോഗിക്കുക***

**പുറപ്പാട്** 20:3 *'എന്നെ അല്ലാതെ മറ്റു ദൈവങ്ങളെയൊന്നും നിങ്ങള് ആരാധിക്കരുത്.'* (എന്ന് സൃഷ്ടിതാവാം ദൈവം പറയുന്നു).

സൃഷ്ടിതാവാം ദൈവത്തെ മാത്രം ആരാധിക്കുക

വേദഭാഗ മനഃപാഠ വാക്യം ഒരു താളത്തിൽ പാടുകയും കുട്ടികളോട് നിങ്ങളോട് (അദ്ധ്യാപിക) ചേര്ന്ന് ആവര്ത്തിക്കുവാനും പറയുക.

# പാഠം 9

അദ്ധ്യാപിക: 'നിങ്ങൾ, നിങ്ങൾ, നിങ്ങൾ'
കുട്ടികൾ: 'നിങ്ങൾ, നിങ്ങൾ, നിങ്ങൾ'

അദ്ധ്യാപിക: 'എന്നെ അല്ലാതെ'
കുട്ടികൾ: 'എന്നെ അല്ലാതെ'

അദ്ധ്യാപിക: 'മറ്റ് ദൈവങ്ങളെ ഒന്നും.'
കുട്ടികൾ: 'മറ്റ് ദൈവങ്ങളെ ഒന്നും.'

അദ്ധ്യാപിക: 'നിങ്ങൾ ആരാധിക്കരുത്...'
കുട്ടികൾ: 'നിങ്ങൾ ആരാധിക്കരുത്...'

അദ്ധ്യാപിക: 'പുറപ്പാട് 20'
കുട്ടികൾ: 'പുറപ്പാട് 20'

അദ്ധ്യാപിക: 'മൂന്നാം വാക്യം.'
കുട്ടികൾ: 'മൂന്നാം വാക്യം.'

കുട്ടികൾ വാക്യം കാണാതെ പഠിക്കുന്നത് വരെ ഇത് ആവര്ത്തിക്കുക.

## പ്രായോഗിക പ്രയോജനം

***സൃഷ്ടിതാവാം ദൈവത്തെ മാത്രം ആരാധിക്കുക എന്നു പഠിപ്പിക്കുന്ന പ്രായോഗിക കാര്യങ്ങൾ ഉപയോഗിക്കുക***

സൃഷ്ടാവാം ദൈവമാണ് സത്യ ദൈവം. അവനെ മാത്രം നാം ആരാധിക്കുന്നു. നാം മറ്റ് ദൈവങ്ങളെ ആരാധിക്കുമ്പോൾ ആത്മീക ഇരുട്ട് നമ്മുടെ ജീവിതത്തിലേക്ക് കടന്നു വരും. നാം മറ്റ് ദൈവങ്ങളെ ആരാധിക്കുമ്പോൾ നാം ഇരുട്ടിൽ തപ്പിത്തടയേണ്ടിവരും.

നാം സത്യ ദൈവത്തെ മാത്രം ആരാധിക്കുമ്പോൾ അവൻ ആത്മീക ഇരുട്ടിനെ നമ്മുടെ ജീവിതത്തിൽ നിന്ന് പുറത്തുകളയും. നാം സത്യ ദൈവത്തെ മാത്രം ആരാധിക്കുമ്പോൾ അവൻ ആത്മീക ഇരുട്ടിൽ നിന്ന് നമ്മെ രക്ഷിക്കുന്നു.

സൃഷ്ടിതാവാം ദൈവത്തെ മാത്രം ആരാധിക്കുക

**പ്രാര്ത്ഥന:** സൃഷ്ടിതാവാം ദൈവമേ അങ്ങ് സത്യ ദൈവം എന്ന് എന്നെ കാണിച്ചതിനാൽ നന്ദി. സൃഷ്ടിതാവാം ദൈവമേ ഞാൻ അങ്ങെ മാത്രം ആരാധിക്കും. സൃഷ്ടിതാവാം ദൈവമേ എന്നെ സ്നേഹിച്ചതിനാൽ നന്ദി. സൃഷ്ടിതാവാം ദൈവമേ ഇരുട്ടിൽ നഷ്ടപ്പെട്ടുപോകാതെ എന്നെ സൂക്ഷിച്ചതിനാൽ നന്ദി. ആമേൻ.

**സമ്മാനം: ഓരോ കുട്ടിക്കും *സദ്വര്ത്തമാന കഥാപുസ്തകം നാലിന്റെ*** ഓരോ പകര്പ്പ് കൊടുക്കുക. ഓരോ കുട്ടിയെയും *സദ്വര്ത്തമാന കഥാ പുസ്തകം നാല്* വായിക്കുവാൻ സഹായിക്കുക.